# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 5091 | 02-07-2013-ൽ മറുപടിക്ക്

### വൈദ്യുതി ചാർജ്ജ് കുടിശ്ശികയുള്ള സർക്കാർ പൊതുമേഖല - സ്വകാര്യ സ്ഥാപനങ്ങളുടെ പേരുവിവരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) 2013 മെയ് 31 വരെ വൈദ്യുതി ബോർഡിന് പിരിഞ്ഞു കിട്ടാനുള്ള തുക എത്ര ; | (എ) ലഭ്യമായ കണക്കനുസരിച്ച് 2013 മാർച്ച് 31 ാം തീയതി വരെ വൈദ്യുതി ബോർഡിന് 1383 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. 2013 മെയ് 31 വരെയുള്ള കണക്കുകൾ ശേഖരിച്ചു കൊണ്ടിരിക്കുകയാണ്. |
| (ബി) സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക ഈ കാലയളവിൽ എത്രയെന്നു വ്യക്തമാക്കുമോ; | (ബി) 2013 മാർച്ച് 31 വരെ സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെ കടിശ്ശിക 105.33 കോടി രൂപയും സംസ്ഥാന പൊതുമേഖലാ സഹകരണ സ്ഥാപനങ്ങളുടെ കടിശ്ശിക 621.02 കോടി രൂപയുമാണ്. |
| (സി) വൻകിട - സ്വകാര്യ സ്ഥാപനങ്ങളുടെ കുടിശ്ശിക എത്ര ; | സി) എച്ച്.റ്റി വിഭാഗത്തിൽപ്പെട്ട സ്വകാര്യ-സ്ഥാപനങ്ങൾക്ക് 481.68 കോടി രൂപയും, എൽ.റ്റി വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് 119.55 കോടി രൂപയും 31.03.2013 വരെ വൈദ്യുതി ചാർജ്ജിനത്തിൽ കടിശ്ശികയുണ്ട്. |
| (ഡി വൈദ്യുതി ചാർജ്ജ് കുടിശ്ശികയുള്ള സർക്കാർ - പൊതുമേഖല - സ്വകാര്യ സ്ഥാപനങ്ങളുടെ പേരുവിവരം കുടിശ്ശിക ഉൾപ്പെടെ വിശദമാക്കുമോ; നിലവിൽ ഇലക്ട്രിസിറ്റി ബോർഡിന്റെ ബാധ്യത എത്ര ? | (ഡി) സർക്കാർ സ്ഥാപനങ്ങൾക്ക് 105.33 കോടി രൂപയും, സംസ്ഥാന പൊതുമേഖല, അർദ്ധസർക്കാർ, സഹകരണമേഖലാ സ്ഥാപനങ്ങൾക്ക് കടിശ്ശിക 621.02 കോടി രൂപയും, എച്ച്.റ്റി വിഭാഗത്തിൽപ്പെട്ട സ്വകാര്യ- സ്ഥാപനങ്ങൾക്ക് 481.68 കോടി രൂപയും, എൽ.റ്റി വിഭാഗത്തിൽപ്പെട്ട സ്വകാര്യ |

സ്ഥാപനങ്ങൾക്കും ഉപഭോക്താക്കൾക്കും 119.55 കോടി രൂപയും 31.03.2013 വരെ കടിശ്ശികയുണ്ട്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

2011-12 സാമ്പത്തിക വർഷത്തെ ആഡിറ്റ് നടന്നു കൊണ്ടിരിക്കുന്ന കണക്കുകൾ പ്രകാരം ഇലക്ട്രിസിറ്റി ബോർഡിന്റെ ബാധ്യത ഇപ്രകാരമാണ്.

| | |
|---|---|
| ക്യാപ്പിറ്റൽ ലയബിലിറ്റീസ് | 1356.34 കോടി രൂപ |
| വർക്കിങ് ക്യാപ്പിറ്റലിനു വേണ്ടിയുള്ള ലോൺ | 1114.49 കോടി രൂപ |
| മറ്റു കറണ്ട് ലയബിലിറ്റീസ് | 6281.90 കോടി രൂപ |
| ആകെ | 8752.73 കോടി രൂപ |

2012-13 സാമ്പത്തിക വർഷത്തെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

സെക്ഷൻ ഓഫീസർ